# വിസ്ത

## ജി. എച്ച്. എസ്. എസ്. കോക്കൂർ

# സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന , ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെയും കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് സാങ്കേതിക വിദ്യ വികാസം പ്രാപിച്ച ഈ കാലഘട്ടത്തിൽ ഏറ്റവും പ്രയോജനപ്രദമാണ്. വിവരവിനിമയെ സാങ്കേതികവിദ്യ ക്രിയാത്മകമായി ഉപയോഗിച്ച് ഈ രംഗത്ത് സ്വന്തമായൊരു കയ്യൊപ്പ് ചാർത്തിയവർ അനേകമുണ്ട് .നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾക്കും അത്തരത്തിൽ ഉയരാൻ ആവട്ടെ. വിദ്യാർഥികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് തയ്യാറാക്കുന്ന ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**Principal G.H.S.S KOKKUR**
**SMITHA V**

# ആശംസ

ജി.എച്ച് . എസ് . എസ് കോക്കൂരിലെ ലിറ്റിൽ കൈറ്റ്സ്
ഡിജിറ്റൽ മാഗസിന്
കുട്ടുകാർ തയ്യാറാക്കിയ 'വിസ്ത – 2024'
എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികൾക്ക്
സാങ്കേതിക വിദ്യകളിൽ കഴിവ്
മെച്ചപ്പെടുത്തുന്നതിനും അതിനെ ക്രിയാത്മകമായി
ഉപയോഗിക്കാനും വഴികാട്ടിയാവട്ടെ ഈ സംരംഭം.
അത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി ഭാവി
ജീവിതത്തിൽ ഉപയോഗപ്രദമാക്കാൻ ഓരോ കുട്ടിയും
ശ്രദ്ധിക്കുമല്ലോ. ഇതിന് നേതൃത്യം നൽകിയ
അദ്ധ്യാപകരേയും കുട്ടികളേയും അഭിനന്ദിക്കാൻ കൂടി
ഈ അവസരം ഉപയോഗിക്കുന്നു .

സ്നേഹപൂർവ്വം

**അനിൽ കുമാർ**
**ഹെഡ്മാസ്റ്റർ**

# ആശംസ

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ജീവിതത്തിലെ സുപ്രധാന കാലഘട്ടമാണ് സ്കൂൾ ജീവിതം. വായിച്ചും , എഴുതിയും, ആശയവിനിമയം നടത്തിയും ജീവിതത്തിലെ ഉൾവഴികൾ മനസ്സിലാക്കാനും അറിയാനും സാധിക്കുന്ന ഈ കാലഘട്ടത്തിൽ അതിലേക്കുള്ള ഒരു ചവിട്ടുപടിയായി " വിസ്ത" കുട്ടികളെ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു. വിസ്തയുടെ അണിയറ പ്രവർത്തകരായ അധ്യാപകർ, കുട്ടികൾ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**സീനിയർ അസിസ്റ്റന്റ് & എസ് ഐ ടി സി**

Shina P

# എഡിറ്റോറിയൽ ബോർഡ്

ഐടി രംഗത്തുണ്ടായ അഭൂതപൂർവമായ വികാസം വിജ്ഞാനത് വാനോളമുയർത്തി.ലോകത്തിന് തന്നെ മാതൃകയായി ഈകൊച്ചു കേരളം വാഴ്ത്തപ്പെട്ടതും ഐടി മേഖലയുടെ ദ്രുതഗതിയിലുള്ള പരിണാമമാണ് .കുട്ടികളുടെ ചേതോവികാരങ്ങൾമനസിലാക്കാനും,സർഗ്ഗവാസനകൾനഷ്ടപ്പെടാതെ അവയെ പ്രോത്സാഹിപ്പിക്കുവാനും കഴിഞ്ഞുവെന്നത് യാഥാർത്ഥ്യംതന്നെയാണ് .കുട്ടികളുടെസർഗ്ഗവാസനയുടെപ്രതിഫലനം നമുക്ക് ദർശിക്കാം.

അധ്യാപകരുടേയുംവിദ്യാർത്ഥികളുടേയുംലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെയും കൂട്ടായ്മയിലൂടെ രൂപം കൊണ്ട ഈ മാഗസിന്എല്ലാവിധ ആശംസകളും നേർന്ന കൊണ്ട്

എഡിറ്റോറിയൽ അംഗങ്ങൾ

# താളുകൾ മറിയുമ്പോൾ

ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ്
ജീവിതശൈലി ആരോഗ്യവും
2023- ചെറുധാന്യങ്ങളുടെ അന്താരാഷ്ട്ര വർഷം
ഞാൻ പര്യവേക്ഷകൻ
സൂര്യൻ
ഉള്ള്
മിന്നുന്ന താരകം
Computer mice
കൃത്രിമബുദ്ധി (AI)
The value of time
ഉപായം
അലോനുഷ്കയും ഇവാനുഷ്കയും
ആഹാരത്തിനായി സസ്യങ്ങൾ വിയർക്കുന്നു
തിരികെ
മായാവി
ആദിത്യ L
صداقه
Nature
Humanity
ഗാലറി 1
കണ്ണ്
അവൻ
ഗാലറി-2

ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ്

ഭാരതത്തെ കാർഷിക സ്വയം
പര്യാപ്തതയിലേക്ക് നയിച്ച പ്രതിഭക്ക്
**പ്രണാമം**

## ജീവിതശൈലി-ആരോഗ്യം

ഇന്നത്തെ ലോകത്ത് സുസ്ഥിരമായ ഒരു ജീവിതശൈലി നയിക്കുന്നതിൽ ഏറ്റവും പുതിയ ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതികൾ പരിസ്ഥിതി സൗഹൃദ സമ്പ്രദായങ്ങളുമായി സംയോജിപ്പിക്കുന്നത് ഉൾപ്പെടുന്നു. പുതുമയും സംരക്ഷണവും തമ്മിലുള്ള യോജിപ്പുള്ള നൃത്തമാണിത്. ശാസ്ത്രത്തിൻ്റെയും സാങ്കേതികവിദ്യയുടെയും കണ്ണിലൂടെ പരിസ്ഥിതിക്ക് മുൻഗണന നൽകുന്ന ഒരു ജീവിത ശൈലിയെക്കുറിച്ചുള്ള ഒരു കാഴ്ച ഇതാ:

ഗ്രീൻ ടെക് വീടുകൾ : സുസ്ഥിരജീവിതത്തിൻ്റെ ഭാവിയിലേക്ക് സ്വാഗതം - സ്മാർട്ട്, ഊർജ്ജക്ഷമതയുള്ള വീടുകൾ,ഇൻസുലേഷൻ മെറ്റീരിയലുകളും ഊർജ്ജ ര്യക്ഷമമായ ഉപകരണങ്ങളും വീടുകളെ സുഖകരമാക്കുക മാത്രമല്ല, പരിസ്ഥിതി സൗഹൃദമാക്കുകയും ചെയ്യുന്നു.

സുസ്ഥിര ഗതാഗതം :വിടപറയുക, ഇലക്ട്രിക് വാഹനങ്ങളോട് ഹലോ പറയുക. ബാറ്ററി സങ്കേതിക വിദ്യയിലെ പുരോഗതിയോടെ, ഇലക്ട്രിക്വാഹനങ്ങൾ കൂടുതൽ ആക്സസ് ചെയ്യാവുന്നതും പ്രായോഗികവുമായി മാറുന്നു. നഗരങ്ങൾ സ്മാർട്ട് ഗതാഗത സംവിധാനങ്ങൾ സ്വീകരിക്കുന്നു, ഇലക്ട്രിക് പുറത്തള്ളല് കുറയ്ക്കുന്നു, ശുദ്ധവായു പ്രോത്സാഹിപ്പിക്കുന്നു. റൈഡ് - ഷെയറിംഗ്

അപ്ലിനേഷനുകൾ റൂട്ടുകൾ ഒപ്റ്റിമൈസ് ചെയ്യുക്കുകയും ഇന്ധന ഉപയോഗം കുറക്കുകയും ഗതാഗതകുരുക്ക് കുറക്കുകയും ചെയുന്നു.

പരിസ്ഥിതി ബോധ മുള്ള ഫാഷൻ :ഫാഷൻ വ്യവസായം സാങ്കേതിക വിദ്യയിലൂടെ സുസ്ഥിര സമ്പ്രദായങ്ങൾ സ്വീകരിക്കുന്നു. 3 ഡി പ്രിൻ്റിംഗ് ഇഷ്ടാനുസൃതമാക്കിയ വസ്ത്രങ്ങൾ മുതൽ റീറൈസൈക്കിൾ ചെയ്ത വസ്തുക്കൾ ഉപയോഗിക്കുന്നത് വരെ, ഫാസ്റ്റ് ഫാഷൻ്റെ പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന് ഡിസൈനർമാർ നൂതന പരിഹാരങ്ങൾ ഉൾക്കൊള്ളുന്നു. വൃത്താകൃതിയിലുള്ള ഫാഷൻ സമ്പദ വ്യവസ്ഥയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് വസ്തു കൈമാറ്റവും വാടകയും സുഗമം ആക്കുന്നതിന് ആപ്ലിക്കേഷനുകളും പ്ലാറ്റ് ഫോമുകളും ഉയർന്നുവരുന്നു.

ഫാത്തിമ സന Ms. 9D

## 2023 - ചെറുധാന്യങ്ങളുടെ അന്താരാഷ്ട്ര വർഷം

### ചെറുതായി കാണേണ്ടതല്ല
### ചെറുധാന്യങ്ങളുടെ ഗുണം

അമിതവണ്ണം, പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ പിടിമുറുക്കുന്ന കാലത്ത് ആളുകൾക്കിടയിൽ ആരോഗ്യബോധം പെട്ടെന്ന് വർദ്ധിക്കുന്നു. ആരോഗ്യമായഭക്ഷണങ്ങൾ എന്തൊക്കെയന്ന് അറിഞ്ഞ് കഴിക്കേണ്ടതുണ്ട്. ഇവിടെയാണ് ചെറുധാന്യങ്ങൾ അഥവാ മില്ലറ്റുകളുടെ ഗുണവും ഒഴിവും തിരിച്ചറിയേണ്ടത് .ഈ സൂപ്പർ ധാന്യങ്ങളാണ് ഒരുതരത്തിൽ നമ്മുടെ പൂർവ്വികർക്ക് മികച്ച ആരോഗ്യവും ദീർകായുസും സമ്മാനിച്ചിരുന്നത്. മനുഷ്യകുലത്തിന്ന് പ്രകൃതിയുടെ ഏറ്റവുംമികച്ച സമ്മാനങ്ങളിലൊന്നാണ് ചെറുധാന്യങ്ങൾ. നിരവധി അസുഖങ്ങളെ നേരിടാൻ സഹായിക്കുന്നതിലൂടെ അവ നമ്മുടെ ശരീരത്തിന് ചേർന്ന ചങ്ങാതിയാകുന്നു. സമീകൃതാഹാരം കഴിക്കുമ്പോൾ സമ്പൂർണ്ണ പോഷകം ശരീരത്തിലെത്തുന്നു. അതിനുള്ള ഒരുമാർഗമാണ് ചെറുധാന്യങ്ങൾ ശരീരഭാരം കുറയ്ക്കുന്നതിന് മില്ലറ്റ് ഉത്തമമമാണ്. അമിതവണ്ണം ഹൃദയ ബന്ധമായ പ്രശ്നങ്ങളും തടയുന്നതിന് ഇവ ഫലപ്രദമാണെന്ന്തെളിയിക്കപ്പെട്ടിട്ടുണ്ട് ചെറുധാന്യങ്ങൾ നമ്മുടെ ശരീരത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നവെന്ന് നോക്കാം.

പ്രമേഹാരോഗികൾക്ക് യോജിച്ച ഭക്ഷണമായി കണക്കാക്കുന്നു. കൊളസ്ട്രോളിനെ കുറയ്ക്കാൻ സഹായിക്കുന്നു. സീലിയാക്ക് രോഗികൾ, അലർജി, ആമാശയ സംബന്ധമായ അസുഖങ്ങൾ ഉള്ളവർക്ക് ഉത്തമമായ ഭക്ഷണമാണ് ചെറുധാന്യങ്ങൾ.

ഇനി നമുക്ക് കുറച്ച് ചെറുധാന്യങ്ങളെ പരിചയപ്പെടാം.

* രാഗി : കൊഴുപ്പ്,പ്രോട്ടീൻ എന്നിവ രാഗിയിൽ ഉള്ളതിനാൽ ജീവിതശൈലിരോഗങ്ങളെ ചെറുക്കാൻ സഹായിക്കുന്നു.

* ചാമ : പഴയ കാലത്ത് മുതലേ ഉള്ള ഒരു ഭക്ഷ്യ വിളയാണ് ചാമ കഫം, പിത്തം എന്നിവ ശമിപ്പിക്കാൻ ചാമ നല്ലതാണ്.ചാമക്കഞ്ഞി പ്രമേഹ രോഗികൾക്ക് നല്ലതാണ് പൊണ്ണത്തടി കുറയ്ക്കാനും നല്ലതാണ്

മണിച്ചോളം: ലോകത്തെ ഒരു മുഖ്യ ചെറുധാന്യ വിളയാണ് മണിച്ചോളം ഇന്ത്യയിലും മണിച്ചോളകൃഷി പ്രധാനമാണ് വരണ്ട പ്രദേശങ്ങളിൽ മണിച്ചോള കൃഷി ഉത്തമമാണ്. നാരുകൾ കൂടുതലുള്ള ഭക്ഷ്യധാന്യമായതിനാൽ ദാഹനത്തിനും നല്ലതാണ്.

ദിൽന 8c

"ഞാൻ പര്യവേക്ഷകൻ"

എസ്. സോമനാഥ്.

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിൻ്റെ (ഐ. എസ്. ആർ.ഒ) ചെയർ മാൻ ആണ് എസ് സോമനാഥ 2022 ജനുവരി 14 നാണ് എസ് സോമനാഥ് ഐ എസ്. ആർ ഒ യുടെ ചെയർമാനായത്. ഐ എസ് ആർ ഒയുടെ പത്താമത്തെ ചെയർമാനും കേരളത്തിൽ നിന്നുള്ള ആദ്യത്തെ ഐ എസ് ആർ ഒയുടെ ചെയർമാനും

എസ് സോമനാഥ് ആണ്. ഐ എസ് ആർ ഒയുടെ അമരത്തിലേക്കുള്ള അദ്ദേഹത്തിൻ്റെ യാത്ര അർപ്പണ ബോധത്തിൻ്റെയും വിജ്ഞഞ്ഞാനത്തിൻ്റെയും ദീർഘ വീക്ഷണ ത്തിൻ്റെയും ഇന്ത്യയുടെ കോസ്മിക് അഭിലാഷങ്ങളെ ഉയ രങ്ങളിലേക്ക് നയിക്കാനുള്ള പ്രതിബദ്ധതയുടെയും ഫലമാണ്.

കേരള സംസ്കാരത്തിൻ്റെയും മൂല്യങ്ങളുടെയും സമ്പന്ന മായ മണ്ണിൽ ജനിച്ച "സോമനാഥിൻ്റെ ശാസ്ത്രത്തോടുള്ള അഭിനിവേശം വളർത്തിയെടുത്തതിൽ അദ്ദേഹത്തിന്റെ കുടുബത്തിന്റെ പങ്ക് ശ്രദ്ധേയമാണ്: 1963 ജൂലൈയിൽ തുറവൂരിൽ ഹിന്ദി അധ്യാപകനായ ശ്രീധരപ്പണിക്കർ ടെയും തങ്കമ്മയുടെയും മകനായാണ് സോമനാഥ് ജനിച്ചത് . മുഴുവൻ പേര് ശ്രീധരപ്പണിക്കർ സോമനാഥ് ശാസ്ത്ര ത്തോടുള്ള മകൻ്റെ അഭിനിവേശം തിരിച്ചറിഞ്ഞ പിതാവ് ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ശാസ്ത്ര പുസ്തകങ്ങൾ മകന് നൽകിയിരുന്നു. സ്കൂൾ വിദ്യാഭ്യസത്തിനു ശേഷം കൊല്ലത്തെ ടി കെ എം സ്കൂൾ ഓഫ് എൻജിനീയറിങ്ങിൽ ചേർന്ന് മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ബിരുദം നേടിയ സോമനാഥ് ബംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് സയൻസിൽ ഉപരിപഠനം പൂർത്തിയാക്കി. മെക്കാനിക്കൽ എൻജിനിയറിങ്ങിൽ ഐ ഐടി മദ്രാസിൽ നിന്നും പി എച്ച് ടി നേടിയ സോമനാഥ് സ്പേസ് എൻജിനീയറിങ്ങ് മേഖലകളിലെ വിദഗ്ധനായി മാറി. 1985 ലാണ് അദ്ദേഹം ഐ എസ് ആർ ഒയിൽ ചേരുന്നത്. ബഹിരാകാശ മേഖലയിൽ 35 വർഷത്തിലേറെ പരിചയമുള്ള എയ്റോ സ്പേസ് എഞ്ചിനീയറായ സോമാനാഥ്. ലിക്വിഡ് പ്രൊപ്പഷൻ സിസ്റ്റംസ് സെന്റ്റർ (എൽ പി എസ് സി)

എന്നിവയുടെ ഡയറക്ടർ ഉൾപ്പടെ ഐ എസ് ആർ ഒയിൽ നിരവധി പ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. വാഹന രൂപകല്പന പ്രത്യേ കിച്ച് ലോഞ്ച് വെഹിക്കിൾ സിസ്റ്റംസ് എഞ്ചിനീയറിംഗ്,സ്ട്രക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ ഡൈനാമിക്സ്, പൈറോടെക്നിക്സ് തുടങ്ങിയ മേഖലകളിൽ സോമനാ ഥിൻ്റെ സംഭാവനകൾ പേശസ്തമാണ്.

എസ് സോമനാഥിൻ്റെ അസാധാരണമായ നേതൃത്വവും സംഭാവനകളും അദ്ദേഹത്തിന് ദേശീയവും അന്തർ ദേശീയവും ആയ അംഗീകാരങ്ങൾ നേടികൊടുത്തു. ആസ്ട്രോനോട്ടിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെഅഭിമാനകരമായ " സ്പേസ്ഗോൾഡ് "മെഡൽ"2.പെർഫോമൻസ് എക്സലൻസ് അവാർഡ് - 2014 ISRO യിൽ നിന്നുള്ള GSLV MK-III സാക്ഷാത്കാരത്തിനുള്ള ടീം എക്സലൻസ് അവാർഡ് - 2014 നേടിയ വ്യക്തി കൂടിയാണ് അദ്ദേഹം.

എസ് സോമനാഥിൻ്റെ നേതൃത്വത്തിൽ ഇന്ത്യയുടെ ബഹിരാകാശ പര്യവേഷണ യാത്രയിലെ സുപധാന നാഴി കകല്ല് അടയാളപ്പെടുത്തികൊണ്ട് ചന്ദ്രയാൻ 3, ആദിത്യാ എൻ 1 എന്നീ ദൗത്യങ്ങൾ വിജയകരമായ വിക്ഷേപണം കൈവരിച്ചു. ചന്ദ്രയാൻ -3, മാർസ് ഓർബിറ്റൽ മിഷൻ (മംഗൾയാൻ) ചന്ദ്രയാൻ-2 ഇന്ത്യൻ ബഹിരാകാശയാത്രി കരെ ബഹിരാകാശത്തേക്ക് അയക്കാൻ ലക്ഷ്യ മിടുന്ന ഗഗൻയാൻ തുടങ്ങിയ സുപ്രധാന ദൗത്യങ്ങളിലും എസ് സോമനാഥ് പങ്കാളിയായിരുന്നു. ചൊവ്വയിലും ചന്ദ്രനിലും മനുഷ്യരെ എത്തിക്കുക എന്നത് ഐ എസ് ആർ ഒയുടെ പ്രധാനപ്പെട്ട ജോലിയായി സോമനാഥ് കരുതുന്നു. ഇന്ത്യയുടെ പുതിയ ദൗത്യമായ ഐ എസ് ആർ ഒയും നാസയും ചേർന്ന് വിക്ഷേപിക്കുന്ന ഉപഗ്രഹമായ നിസാറിൻ്റെ (നാസ - ഐ എസ് ആർ ഒ സിന്തറ്റിക് അപ്പേർവ്വർ റഡാർ) വിക്ഷേപണം 2024 ജനുവരി യിൽ നടക്കും എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ഫാത്തിമ ഫഹ്മിദ 9A

# സൂര്യൻ



പ്രകാശം പരത്തിടും സൂര്യൻ
ഞാൻ നക്ഷത്ര ഭീമനാം സൂര്യൻ
ഞാൻ കത്തിജ്വലിച്ചിടും സൂര്യൻ
ഞാൻ സൗരയൂഥത്തിൻ്റെ
കേന്ദ്രം ഞാൻ

ഭൂമിക്ക് ചൂടും വെളിച്ചവും നൽകും
ഞാൻ ഭൂമിതൻ
നിലനിൽപ്പിനാധാരം ഞാൻ
ഹരിതസസ്യങ്ങൾക്ക് ഭക്ഷണം
നിർമ്മിക്കാൻ എൻ്റെ
പ്രകാശം വേണമത്രേ

തോഴരായെട്ടു പേർ ചുറ്റും
കറങ്ങിടും ആ എട്ടു പേരിൽ
ഒരാൾ ഭൂമിയത്രെ
എന്നും കിഴക്കായ്
ഉദിച്ചുയർന്നീടും ഞാൻ

അസ്തമിക്കും പടിഞ്ഞാറ് ദിക്കിൽ

ഹൈഡ്രജൻ ഹീലിയം വാതക
ഭിമൻമാർ എന്നിൽ നിറഞ്ഞങ്ങ്
നിൽക്കുന്നുണ്ടേ ഹൈഡ്രജൻ
ഹീലിയമായി മാറീടുമ്പോൾ
ഊർജം നിറഞ്ഞിടും
എന്നിലെന്നും

മഞ്ഞ നിറത്തിലായി
കാണുന്നുണ്ടെങ്കിലും എൻ്റെ
നിറം ശുദ്ധ വെള്ളയാണേ
രാത്രിയും പകലുമായ് ഭൂമിയെ
മാറ്റിടാൻ എന്നെ കഴിഞ്ഞേ
മറ്റൊരുമുള്ളൂ.

ശാസ്ത്രജ്ഞൻ എന്നെക്കുറിച്ച്
പഠിച്ചിടാൻ കാലങ്ങൾ മുന്നേ
തുടങ്ങിയത്രേ നിങ്ങൾക്കുമെന്നെ
കുറിച്ച് പഠിച്ചിടാം
ശാസ്ത്രജ്ഞരായ് വരൂ
കൂട്ടുകാരേ !

സൽവഫാത്തിമ 10c

# ഉള്ള്

ഇനിയുള്ള കാലം
ഉള്ള് തുറക്കാനുള്ള താക്കോൽ ഉണ്ടാവില്ല
സത്യരം നീങ്ങും സമയങ്ങളിൽ
ഉള്ളലിഞ്ഞോതാൻ നേരമില്ല ആർക്കും
ആർത്തിരമ്പും കടലായും
തീക്കനൽ പോലെരിയും മനസ്സിന്
ആമ്പാർന്ന് ഉരിയാടാൻ വാക്കിന് പഞ്ഞം
കരുണ വറ്റുന്ന മനസും
കൈതവം കാട്ടുന്ന മനസും
കരളിൻ്റെ തീക്ഷ്ണത കൂട്ടും ഭാവിയിൽ
നിദ്രാവിഹീനങ്ങളായി
ഉള്ളലയുമ്പോൾ
ശാന്തി തൻ പരിവേഷം

ചാർത്താൻ അന്തതാപമാർന്ന
ഹൃത്തിനെ തേടി അലയുന്ന കാലം വിദൂരമല്ല

# മിന്നുന്ന താരകം.

നീലത്താമര പൂത്തല്ലോ നീല ചന്ദ്രനുദിച്ചല്ലോ
നീല  നീല ചേലയുടുത്തല്ലോ വാനം നീയുംഞാനും
കാണുമ്പോൾ നിയൊരു പൂവായ് വിടരുമ്പോൾ
നീലാകാശം വാരിച്ചൂടിയ നീലത്താരക മലരുകളെല്ലാം
നമ്മെ നോക്കി തമ്മിൽ തമ്മിൽ ചിമ്മി ചിമ്മി
ചിരിക്കുന്നു. നമ്മെ നോക്കി മിഴി ചിമ്മി ചിമ്മി
അടക്കുന്നു. *

മിസ്ബ IXD

# COMPUTER MICE

Can anyone give me advice.....?
What to do with computer mice?
At night they come out
And race all about.
Each Mouse and it's spouse
Invading my house.
They wreck my office
And they are not too nice.
What to do with computer mice?
Wait, I hadn't thought about that-

Fathima Rifa 9D

# കൃത്രിമബുദ്ധി (AI)

കൃത്രിമബുദ്ധി എന്ന വാക്ക് യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത് യാഥാർഥ്യ മാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്രത്തിലെ ശാഖയേയും കുറിക്കാൻ ഉപയോഗിക്കുന്നു. ഇന്റലിജൻസ് ഏ ജന്റുമാരുടെ പഠന മേഖലയാണ് എഐ ഗവേഷണം എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്. അത് പരിസ്ഥിതിയെ മനസ്സിലാക്കുകയും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന ഏതൊരു സംവിധാനത്തെയും സൂചിപ്പിക്കുന്നു. കൃത്രിമ ബുദ്ധി എന്നാൽ "വിവേകമുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള പഠനപ്രവർത്തനങ്ങളും അവയുടെ രൂപകൽപ്പനയും " വിവേകമുള്ള യന്ത്രങ്ങൾ എന്നാൽ ചുറ്റുപാടിൽ നിന്നും കാര്യങ്ങൾ സ്വീകരിക്കുകയും അതുവഴി വിജയകരമായി നീങ്ങുവാൻ ഉള്ള പ്രവർത്തികൾ നടപ്പിൽ വരുത്തുന്നതുമായ വ്യൂഹങ്ങൾ ആണ് സദോഷണപരമായി. കൃത്രിമ ബുദ്ധി എന്ന പദം പലപ്പോഴും മനുഷ്യ മനസ്സുമായി മനുഷ്യൻ ബന്ധപ്പെടുത്തുന്ന "വൈജ്ഞാനിക പ്രവർത്തനങ്ങളെ അനുകരിക്കുന്ന യന്ത്രങ്ങളെ [അല്ലെങ്കിൽ കമ്പ്യൂട്ടറുകളോ ] വിവരിക്കാൻ ഉപയോകിക്കുക അതായത് പഠിക്കുക പ്രശ്നം. പരിഹാരം നടത്തുക

AI യുടെ പ്രവർത്തന മേഖലകൾ

* ആരോഗ്യ സുരക്ഷ

രോഗനിർണ്ണയകൃത്യത വർദ്ധിപ്പിക്കുകയും വ്യക്തിഗത ചികിത്സ പ്രാപ്തമാക്കുകയും രോഗികളുടെ ചികിത്സഫലങ്ങൾ മെച്ചപ്പെടുത്തയും ചെയ്യുന്നു.

വ്യവസായം

വ്യാവസായിക മേഖലയിലെ AI പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കാൻ
സഹായിക്കുന്നു.തീരുമാനങ്ങൾ മെച്ചപ്പെടുത്താനും സഹായിക്കുന്നു

*മെച്ചപ്പെടുത്തിയ കൃത്യത :

ഡയഗ്നോസ്റ്റിക്സ് പ്രവചനങ്ങൾ, തീരുമാനങ്ങൾ എടുക്കൽ തുടങ്ങിയ വിവിധ ആപ്ലിക്കേഷനുകളിൽ കി സഹായിക്കുന്നു.

*ഡാറ്റാധിഷ്ഠിത സ്ഥിതിവിവരക്കണക്കുകളും വിശകലനം നൽകാൻ സഹായിക്കുന്നു.

* വർദ്ധിച്ച ഉൽഷാദനക്ഷത്ത:

AI ടൂളുകൾക്കും സിസ്റ്റങ്ങൾക്കും മനുഷ്യന്റെ കഴിവുകൾ വർധിപ്പിക്കാൻ കഴിയും. ഇത് വിവിധ വ്യവസായങ്ങളിലും മേഖലകളിലും ഉൽപ്പാദനക്ഷമതം ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിലേക്ക്
നയിക്കുന്നു.

ബഹിരാകാശ ഗവേഷണവും പര്യവേക്ഷണത്തിൽ AI ബഹിരാകാശ നിർണ്ണായക പങ്ക് വഹിക്കുന്നു. വിദൂരവും അപകടകരവുമായ പരിത സ്ഥിതികളിൽ  സ്വയം ഭരണ ബഹിരാകാശ പേടകം റോബോട്ടിക് പര്യവേഷണം ഡാറ്റാ വിശകലനം എന്നിവ സാധ്യമാകുന്നു.

അനന്യ IX D

# The Value Of Time

***Who knows the value of a year?***
***A student who failed the final exam.***
***Who knows the value of a month?***
***A mother who gave birth to a premature baby.***
***Who knows the value of a week?***
***A publisher who could not publish his weekly.***
***Who knows the value of a day?***
***A daily worker who has no work.***
***Who knows the value of an hour?***
***A person who failed to meet his beloved friends.***
***Who knows the value of a minute?***
***A man who missed the train by one minute.***
***Who knows the value of one second?***
***A man who escaped from a severe accident.***
***Who knows the value of a fraction of a second?***
***"P.T. Usha"-who lost a medal in the Olympics for a fraction of a second.***

Hajara Hanan 9D

# ഉപായം

കുട്ടിത്തവളയ്ക്ക് പത്തു മക്കളുണ്ടായിരുന്നു. ഏറ്റവുപേരേയും സ്നേഹം നടിച്ച് അടുത്തുകൂടിയ നീർക്കോലി രാമൻ പലപ്പോഴായി വിഴുങ്ങി വിശപ്പ് മാറ്റി. ഇതൊന്നും കുട്ടിത്തവള അറിഞ്ഞിരുന്നില്ല. കുറെനാൾ കഴിഞ്ഞ് ഈ വിവരം മാടത്തക്കിളി പറഞ്ഞറിയ്ച്ചപ്പോൾ കുട്ടിത്തവളയ്ക്ക് വിഷമം സഹിക്കാനായില്ല. നീർക്കോലി തന്നേക്കാൾ ശക്തനാണ്. അതിനാൽ അവനോട് പകരം വീട്ടാൻ കുട്ടിത്തവള തയ്യാറായില്ല. കുട്ടിത്തവളയുടെ ദുഃഖം കണ്ട് മനസ്സലിഞ്ഞു മാടത്തക്കിളി പറഞ്ഞു.
"കുട്ടിത്തവളേ, നീർക്കോലിയെ വിശ്വാസിച്ചാൽ നിന്റെ ബാക്കിയുള്ള കുട്ടികളെയും അവൻ തിന്നും. "
"എനിക്കെന്തു ചെയ്യാനാകും മാടത്തക്കിളി"?. കുട്ടിത്തവള അവളോട് പറഞ്ഞു. "
നിനക്ക് വേണ്ടി നീർക്കോലിയെ ഞാൻ ഇവിടെ നിന്നും പറ പറപ്പിക്കാ൦ .
ഒരു ദിവസം നീർക്കോലി ഇഴഞ്ഞു പോകുന്നത് മരക്കൊമ്പിൽ ഇരുന്ന മാടത്തക്കിളി കണ്ടു. "നീർക്കോലിച്ചേട്ടാ, തവള വർഗ്ഗം തീരാറായി. ഇവിടെ ഇനിയുള്ളവരേയും തിന്നാൽ തവളകളെ കിട്ടാതെ ചേട്ടൻ പട്ടിണി കിടന്ന് ചത്തുപോകും. ഞാൻ ചേട്ടന് ഒരു വലിയ തവളയെ കാണിച്ചുതരാം.അതിനെ തിന്നാൽ പിന്നെ ഒരു മാസത്തേക്ക് ചേട്ടന് ഭക്ഷണമേ വേണ്ടിവരില്ല.എന്റെ പിന്നാലെ വന്നാൽ അവനെ ഞാൻ കാണിച്ചുതരാം." മാടത്തക്കിളി പറഞ്ഞത് ശരിയാണെന്ന് നീർക്കോലിക്ക് തോന്നി. മാടത്തക്കിളിയുടെ പിന്നാലെ നീർക്കോലിയും പോയി. ഒരു വൻമരത്തിലെ മാളത്തിലേക്ക് മാടത്തക്കിളി ചൂണ്ടിക്കാട്ടി. കാണിക്കേണ്ട താമസം നീർക്കോലി അതിനുള്ളിൽ കയറി. അല്പസമയത്തിനു ശേഷം ഒരു കീരി നീർക്കോലിയേയും കടിച്ചുംകൊണ്ടു മാളത്തിൽ നിന്ന് പുറത്തു ചാടി.
അതുകണ്ടു മാടത്തക്കിളി പൊട്ടിച്ചിരിച്ചു. അപ്പോൾ പുൽക്കാട്ടിൽ നിന്നും കുട്ടിത്തവള ആഹ്ലാദത്തോടെ ചാടിച്ചാടി വന്ന് മാടത്തക്കിളിയ്ക്ക് ചുറ്റും നൃത്തം ചെയ്തു.

Fathima Sana MS 9D

## അലോനുഷ്കയും ഇവാനുഷ്കയും

ഒരിടത്ത് ഒരു വൃദ്ധനും അയാളുടെ ഭാര്യയും പാർത്തിരുന്നു അവർക്ക് അലോനുഷ്ക എന്ന് പേരുള്ള ഒരു മകളും ഇവാനുഷ്ക എന്ന് പേരുള്ള ഒരു മകനും ഉണ്ടായിരുന്നു.

വൃദ്ധനും ഭാര്യയും മരിച്ചപ്പോൾ അലോനുഷ്കയും ഇവാനുഷ്കയും തനിച്ചായി അവർക്ക് അടുത്ത ബന്ധക്കാരായി ആരും തന്നെ ഇല്ലായിരുന്നു.ജീവിക്കാൻ ഒരു മാർഗവും ഇല്ലാത്തത് കൊണ്ട് അനിയനെയും കൂട്ടി അലോനുഷ്ക ജോലി തേടി പുറപ്പെട്ടു.

അവർ ഒരുപാട് ദൂരം നടക്കേണ്ടി വന്നു ഒരു പാടത്തുകൂടി നടന്നപ്പോൾ ഇവാനുഷ്കക്ക് വല്ലാത്ത ദാഹം അനുഭവപ്പെട്ടു

"ചേച്ചി എനിക്ക് ദാഹിക്കുന്നുണ്ട്"

"കുറച്ച് കൂടി ക്ഷമിക്കൂ വഴിയിൽ എവിടെയെങ്കിലും കിണർ കാണും"

അവർ പിന്നെയും നടന്നു വെയിൽ കഠിനമായിരുന്നു വായു വരണ്ടതും ചൂടുള്ളതും ആയിരുന്നു കുറച്ച് കൂടി നടന്നപ്പോൾ വഴിയോരത്തു ഒരു പശുവിൻ കുളമ്പിൽ നിറയെ വെള്ളം കണ്ടു

"ചേച്ചി ആ കുളമ്പിലെ വെള്ളം ഞാൻ കുടിച്ചോട്ടെ"

"പാടില്ലനിയ അത് നീ കുടിച്ചാൽ നീയൊരു കിടാവായി മാറും"

ഇവാനുഷ്ക ചേച്ചിയെ അനുസരിച്ച് അവർ കുറച്ച് കൂടി നടന്നു വെയിൽ അധികഠിനമായിരുന്നു പോകും വഴിയിൽ ഒരു കുതിര കുളമ്പിൽ നിറയെ വെള്ളം ഇരിക്കുന്നത് അവർ കണ്ടു

"ചേച്ചി ആ കുളമ്പിലെ വെള്ളം ഞാൻ കുടിച്ചോട്ടെ"

"പാടില്ലനിയ അത് നീ കുടിച്ചാൽ നീയൊരു കുതിരയായി മാറും"

നെടുവീർപ്പിട്ടുകൊണ്ട് ഇവാനുഷ്ക ചേച്ചിയോടൊപ്പം നടന്നു തുടങ്ങി കുറച്ച് കൂടി ദൂരം നടന്നപ്പോൾ ഒരു ആട്ടിൻ കുളമ്പിൽ നിറയെ വെള്ളം അവർ കണ്ടു

"ചേച്ചി ആ കുളമ്പിലെ വെള്ളം ഞാൻ കുടിച്ചോട്ടെ"

"പാടില്ലനിയ അത് നീ കുടിച്ചാൽ നീയൊരു ആട്ടിൻകുട്ടിയാകും"

ചേച്ചിയെ അനുസരിക്കാതെ ഇവാനുഷ്ക ആ കുളമ്പിലെ വെള്ളം മുഴുവനും കുടിച്ചു തീർത്തു പെട്ടന്ന് അവനൊരു ആട്ടിൻകുട്ടിയായി മാറി. അലോനുഷ്ക അവനെ

വിളിച്ചപ്പോൾ ഓടിവന്നത് ഒരു ആട്ടിൻകുട്ടിയായിരുന്നു അലോനുഷ്ക പൊട്ടിക്കരഞ്ഞു. അവൾ തേങ്ങി കരഞ്ഞുകൊണ്ട് നിലത്തിരുന്നപ്പോൾ ആട്ടിൻകുട്ടി അവളുടെ ചുറ്റിലും ഓടി കളിച്ചു.

ആ സമയം സുന്ദരനും സുമുകനുമായ ഒരു ചെറുപ്പക്കാരനായ ഒരു കച്ചവടക്കാരൻ ആ വഴി വന്നു

"സുന്ദരിയായ പെൺകുട്ടി എന്തിനാണ് നീ കരയുന്നത്"

അയാൾ അവളോടായി ചോദിച്ചു. തനിക്ക് പറ്റിയ വിപത്തിനെ പറ്റി അവൾ അയാളോട് പറഞ്ഞു.
കച്ചവടക്കാരൻ അവളെ ആശ്വസിപ്പിച്ചു കൊണ്ട് അവളോട് പറഞ്ഞു

"നീ എന്നെ വിവാഹം ചെയ്യുമോ.ഞാൻ നിനക്ക് സ്വർണം കൊണ്ടും വെള്ളി കൊണ്ടും ഉണ്ടാക്കിയ ആഭരണങ്ങൾ നൽകാം ഈ ആട്ടിൻകുട്ടിയെയും നമുക്ക് വളർത്താം"

കുറച്ചൊന്നു ആലോചിച്ചതിന് ശേഷം അവൾ സമ്മതം അറിയിച്ചു

അങ്ങനെ അവർ സുഖമായി ജീവിച്ചുകൊണ്ടിരിക്കുകയായിരുന്നു ആ ആട്ടിൻകുട്ടി അലോനുഷ്കക്കൊപ്പം ഒരു പാത്രത്തിൽ നിന്ന് ഭക്ഷണവും ഒരു കപ്പിൽ നിന്ന് വെള്ളവും കുടിച്ചു

ഒരു ദിവസം കച്ചവടക്കാരൻ വീട്ടിലില്ലാത്ത സമയത്തു ഒരു മാത്രവാദിനി അവിടെ എത്തി. ആ മാത്രവാദിനി അലോനുഷ്കയുടെ ജനലിന്റെ അടുത്തുനിന്ന് അവളെ പുഴയിൽ നിന്ന് കുളിക്കാൻ പ്രേരിപ്പിച്ചു.

അലോനുഷ്ക മാത്രവാദിനിക്കൊപ്പം പുഴകടവിലേക്ക് പോയി
മാത്രവാദിനി അലോനുഷ്കയെ പിടിച്ചു ബാരമുള്ള ഒരു കല്ല് അവളുടെ കഴുത്തിൽ കെട്ടി തൂക്കി അവളെ പുഴയിലേക്കേറിഞ്ഞു

ശേഷം മാത്രവാദിനി വീട്ടിലേക്ക് വന്ന് അലോനുഷ്കയുടെ വസ്ത്രം ധരിച്ചു അവളെ പോലെ ആയി. അതൊരു മാത്രവാദിനി ആണെന്ന് ആർക്കും തന്നെ മനസ്സിലായില്ല
കച്ചവടക്കാരൻ മടങ്ങി എത്തി അയാൾക്ക് പോലും മാത്രവാദിനി ആണെന്ന് തിരിച്ചറിഞ്ഞില്ല. പക്ഷെ ആ ആട്ടിൻകുട്ടിക്ക് മാത്രം  എല്ലാം മനസ്സിലായി അത് ഭക്ഷണം കഴിക്കാതെ വെള്ളം കുടിക്കാതെ തല കുനിച്ചു പിടിച്ചു കൊണ്ട് ദുഃഖിതനായി അവിടെയെല്ലാം അലഞ്ഞുനടന്നു.

അത് കാലത്തും വൈകീട്ട് ഇങ്ങനെ വിളിച്ചു പറയുമായിരുന്നു

"ചേച്ചി അലോനുഷ്ക!നീന്തി വരും എന്നരികിൽ"

മാത്രവാദിനി ഈ വിവരമറിഞ്ഞു ആട്ടിൻകുട്ടിയെ കൊല്ലാൻ ഭർത്താവിഡ് ആവശ്യപ്പെട്ടു.

പക്ഷെ അയാൾക്ക് അതിനെ കൊല്ലാൻ തോന്നുന്നുണ്ടായിരുന്നില്ല അതിനോട് അതിയായ വാത്സല്യം ആയിരുന്നു അയാൾക്ക്. മന്ത്രാവധിനിയുടെ നിർബന്ധപ്രകാരം അയാൾക്ക് അത് അനുസരിക്കേണ്ടി വന്നു ആട്ടിൻകുട്ടിയെ

കൊല്ലാൻ തീരുമാനിച്ചു

"ശെരി അതിനെ കൊന്നോളു"

മന്ത്രവാദിനി വലിയ തീക്കുണ്ടങ്ങൾ ഉണ്ടാക്കി.
ഒരു വലിയ പാത്രത്തിൽ നിറയെ ചൂടുവെള്ളം ഉണ്ടാക്കി. വലിയ കത്തികൾ തേച്ച് മൂർച്ചം കൂട്ടി. തന്നെ കൊല്ലാൻ പോവുകയാണെന്ന് മനസ്സിലാക്കിയ ആട്ടിൻകുട്ടി കച്ചവടക്കാരനോട് പറഞ്ഞു

"മരിക്കുന്നതിന് മുമ്പ് പുഴയിൽ നിന്ന് ഒരിറുക്ക് വെള്ളം കുടിക്കാൻ അങ്ങേന്നെ അനുവദിക്കണം"

കച്ചവടക്കാരൻ സമ്മതിച്ചു
ആട്ടിൻകുട്ടി പുഴയുടെ കടവിൽ ചെന്ന് ദയനീയമായി പറഞ്ഞു

"ചേച്ചി എന്റെ അലോനുഷ്ക!നീന്തി വരും നീയെന്നരികിൽ എനിക്കായി തീർക്കുണ്ടങ്ങൾ ഒരുക്കി തുടങ്ങി കത്തികൾ മൂർച്ചകൂട്ടി എന്റെ അന്ത്യം അടുത്ത് വരുകയാണല്ലോ"

അപ്പോൾ പുഴയിൽ നിന്ന് അലോനുഷ്കയുടെ ശബ്ദം കേട്ടു

"ഭരിച്ച കല്ലുകൾ കഴുത ഞെരിക്കുന്നു പായലുകൾ എന്റെ കാലുകൾ ശക്തമായി പിടിച്ചു വെച്ചിരിക്കുന്നു ഇതെന്നെ കൊല്ലത്തെ കൊല്ലുന്നു എന്റെ പൊന്നനിയ"

ഇത് കേട്ട് കൊണ്ട് ആണ് ഒരു മുക്കുവൻ അത് വഴി വന്നത്.മുക്കുവൻ വീട്ടിലേക്ക് ഓടി അവിടെ കണ്ടതെല്ലാം കച്ചവടക്കാരനെ അറിയിച്ചു.അയാൾ കുറച്ചാളുകൾ കൂട്ടി പുഴയരികിലേക്കെത്തി അലോനുഷ്കയുടെ ശബ്ദം കേക്കുന്നിടത് അവർ വലയെറിഞ്ഞു അലോനുഷ്കയെ കണ്ടെത്തി. അവളുടെ കഴുത്തിലെ കല്ലുകൾ എടുത്ത് അവളെ നല്ല വെള്ളത്തിൽ കുളിപ്പിച്ച് വസ്ത്രം ധരിപ്പിച്ചു കൊടുത്തു. ആട്ടിൻകുട്ടി സന്തോഷം കൊണ്ട് 3 പ്രാവിശ്യം തലകുത്തി മറിഞ്ഞു ഉടൻതന്നെ അത് ഇവാനുഷ്കയായി മാറി.

ദുഷ്ടയായ മന്ത്രവാദിനിയെ ഒരു കുതിരയുടെ വാലിൽ കെട്ടി അതിനെ മൈഥാനത്തേക്ക് പറഞ്ഞയച്ചു.

അങ്ങനെ അലോനുഷ്കയും ഇവാനുഷ്കയും കച്ചവടക്കാരനും സന്തോഷമായി ജീവിച്ചു.

Namiya MS 9D

## ആഹാരത്തിനായി സസ്യങ്ങൾ വിയർക്കുന്നു

'ഇനി നാമെങ്ങനെ ജീവിക്കും '

ലണ്ടൻ: അനിയന്ത്രിതമായി കൂടുന്ന ചൂട് സസ്യങ്ങളുടെ പ്രകാശ സംശ്ലേഷണത്തെ ബാധിക്കുമെന്ന് പഠനം. തെക്കേ അമേരിക്കയിലെയും തെക്കു കിഴക്കൻ ഏഷ്യ യിലെയും ഉഷ്ണമേഖല  വനങ്ങളിലെ സസ്യങ്ങളുടെ ഇലകൾക്ക് കടുത്ത ചൂട്കാരണം പ്രകാശ സംശ്ലേഷണത്തെ ശേഷി ഇല്ലത്തകുന്നുവെന്നാണ് നെയ്ച്ചർ ജേണലിൽ പ്രസിദ്ധീകരിച്ച പഠനം പറയുന്നത്. കാർബൺ ഡയക്സൈഡും ജലവും സ്വാംശീകരിച്ച് സൂര്യ പ്രകാശത്തിൻ്റെ സാന്നിധ്യത്തിൽ സസ്യങ്ങൾ നടത്തുന്ന പ്രകാശ സംശ്ലേഷണമാണ് അവയുടെയും മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിനാധാരം എന്നാൽ അന്തരീക്ഷതാപനില 46.7 ഡിഗ്രി സെൽഷ്യസ് എത്തുന്നതോടെ പ്രകാശസംശ്ലേഷണ ത്തിനുള്ള ശേഷി ഇലകൾക്ക് നഷ്ടമാകാൻ തുടങ്ങുന്നുവെന്നാണ് കണ്ടെത്തൽ. അന്തരീക്ഷതാപത്തേക്കാൾ കൂടുതൽ ഇലകൾ ചൂടാകുന്നതിനാൽ ആണെന്നും യുഎസ് ഓസ്ട്രേലിയ ബ്രസീൽ എന്നിവിടങ്ങളിൽ നിന്നുള്ള ശാസ്ത്ര പഠനം പറയുന്നത് ചൂട് കൂടുന്നതോടെ ഇലകൾ വരണ്ട് കരഞ്ഞു പോവുകയും കൊഴിഞ്ഞു പോകുകയും ചെയ്യുന്നു ആഗോളതാപം മൂലം അന്തരീക്ഷ താപനില 3.9 ഡിഗ്രി സെൽഷ്യസ് കൂടി വർധിച്ചാലും ഉഷ്ണമേഖല കാടുകൾ പിടിച്ചുനിൽക്കും അതിനുമേറിയാൽ ഇലകൾ നശിച്ചു മരങ്ങൾ തന്നെ ഇല്ലാതാകും ഭൂമിക്ക് 400 കിലോമീറ്റർ മുകളിൽ അന്താരാഷ്ട്ര ബഹിരാകാശ കേന്ദ്രത്തിലെ ഉപഗ്രഹ സെൻസറുകൾ മനസ്സിലാക്കിയ താപനിലയും ഭൂമിയിൽ ഇലകളിൽ നടത്തിയ പലവിധ പരീക്ഷണങ്ങളും അടിസ്ഥാനമാക്കിയതാണ് ശാസ്ത്രജ്ഞൻ ഈ നിഗമനത്തിൽ എത്തിയത് ഭൂമിയുടെ 12 ശതമാനത്തോളം ഉഷ്ണം മേഖല വനങ്ങൾ ആണ് ലോകത്തെ ജീവിവർഗങ്ങളുടെ പകുതിയിലേറെയും ഇവിടെയാണ് കാലാവസ്ഥ വ്യക്തിയാനവും വരനശീകരണവും ഉഷ്ണമേഖലാ വനങ്ങളെ അവയ്ക്ക് താങ്ങാവുന്നതിലും ഉയർന്ന താപനിലയുടെ പടിവാതിൽ എത്തിച്ചിരിക്കുന്നു എന്ന് ശാസ്ത്രജ്ഞൻ മുന്നറിയിപ്പ് നൽകുന്നു.

ഫാത്തിമ sanha 8c

## തിരികെ......

**രംഗം -1**

രാവിലെ നേരത്തെ കുട്ടികളെ സ്കൂളിലേക്ക് അയക്കാൻ കഷ്ടപ്പെടുന്ന അമ്മ

(മകൻ ) രാമു: അമ്മ ഇന്ന് എന്താ കഴിക്കാൻ

(മകൾ) ലീല: മിക്കവാറും ബർഗർ ആയിരിക്കും

അമ്മ: ഹാ !ഇതെന്താ ഹോട്ടലാണോ പിസ്സയും, ബർഗറും ഒക്കെ ഉണ്ടാക്കാൻ ? നല്ല ദോശ ചുട്ടു വച്ചിട്ടുണ്ട് അത് കഴിച്ചാൽ മതി

രാമു: അയ്യേ, ഇന്നും ആ ഉണക്ക് ദോശയാണോ? എനിക്കൊന്നും വേണ്ട

ലീല: അമ്മേ ഒരുമാതിരി ബേഗ്ഗേർസിനോട് പറയുന്നതുപോലെ പറയല്ലേ. എനിക്ക് ബർഗർ മതി. അല്ലെങ്കിൽ അമ്മ പൈസ താ ഞങ്ങൾ പുറത്തുനിന്ന് വാങ്ങിക്കഴിക്കാം.

രാമു: അതെ ഞങ്ങൾ പുറത്തു നിന്ന് കഴിക്കാം.

അമ്മ; അയ്യോ മക്കളെ പൈസ വേണമെങ്കിൽ നേരത്തെ പറയണ്ടേ, അമ്മ ഇപ്പം മരത്തിൽ നിന്ന് പൊട്ടിച്ച് ഉണക്കാൻ ഇട്ടതേയുള്ളൂ ഉണങ്ങിയേച്ചും തരാട്ടോ.

ലീല: അമ്മ കളിയാകൊന്നു വേണ്ട എല്ലാവരും ഇപ്പോൾ ഫാസ്റ്റ് ഫുഡ് ഒക്കെയാണ് കഴിക്കുന്നേ. ഇവിടെ മാത്രം എന്താ ഇങ്ങനെ.

അമ്മ: മറ്റുള്ളവരുടെ കാര്യം നിങ്ങൾ നോക്കണ്ട അതൊക്കെ പലതരത്തിലുള്ള അസുഖങ്ങൾ ഉണ്ടാക്കും.

രാമു: അതൊന്നും ഞങ്ങൾ അറിയേണ്ട അമ്മ പൈസ തന്നില്ലെങ്കിൽ ഞങ്ങൾ ഇന്ന് സ്കൂളിൽ പോകുന്നില്ല.

അമ്മ: നിങ്ങളോട് തല്ലു പിടിക്കാൻ ഞാനില്ലേ ഇന്നാ എന്താന്ന് വെച്ചാൽ ചെയ്യ്.

ലീല: താങ്ക്സ് മമ്മി

**രംഗം-2**

സ്കൂളിന് സമീപമുള്ള ഹോട്ടലിൽ കുട്ടികൾ ഭക്ഷണം കഴിക്കാൻ ഇരിക്കുന്നു.

(വെയ്റ്റർ) കണ്ണൻ: എന്താ വേണ്ടത് കുട്ടികളെ? എന്നത്തേയും പോലെ ബർഗർ ആണോ?

രാമു- ലീല: അതേ കണ്ണൻ ചേട്ടാ

(അങ്ങനെ കുട്ടികൾ ആസ്വദിച്ച് ബർഗർ കഴിക്കുന്നു)

**രംഗം-3**

കുട്ടികൾ ക്ലാസ് മുറിയിൽ

രാമു: കണ്ണൻ ചേട്ടൻ്റെ ബർഗർ എന്തൊരു രസാലെ.

ലീല: അത് ഇവിടുത്തെ ബർഗറിനെ വെല്ലാൻ ഒരു ഭക്ഷണവും ഇല്ല.

രാമു: ലീല എനിക്ക് വയറു വേദനിക്കുന്നു.... അയ്യോ അമ്മേ...

ലീല: എന്തു പറ്റി രാമു? കരയല്ലേ ഞാൻ ടീച്ചറെ വിളിച്ചിട്ട് വരാം.

(ലീല സ്റ്റാഫ് റൂമിലേക്ക് പോകുന്നു)

ലീല; ടീച്ചറെ രാമുവിന് വയറുവേദനിക്കുന്നു ഉണ്ട്.

ടീച്ചർ: അയ്യോ എന്തുപറ്റി?
ലീല: അറിയില്ല ടീച്ചർ.
ടീച്ചർ: വാ നമുക്ക് ആശുപത്രിയിലേക്ക് പോകാം

രംഗം - 4

ടീച്ചറും കുട്ടിയും ആശുപത്രിയിൽ ടീച്ചർ രാമുവിന്റെ അമ്മയെ ഫോൺ ചെയ്യുന്നു.
ടീച്ചർ: ഹലോ രാമുവിന്റെ അമ്മയെല്ലേ?
അമ്മ: അതെ നീതു ടീച്ചറെ എന്താ വിളിച്ചേ?
ടീച്ചർ: ഞാൻ രാമന്റെ കൂടെ ആശുപത്രിയിലാണ്.
അമ്മ: അയ്യോ എൻറെ മോൻ എന്തുപറ്റി?
ടീച്ചർ: പേടിക്കണ്ട ഒന്നുമില്ല ഫാസ്റ്റ്ഫുഡിന്റെ എന്നാണ് ഡോക്ടർ പറഞ്ഞത് .നിങ്ങളെ കാണണം എന്ന് പറഞ്ഞു.
അമ്മ: ആ ടീച്ചറെ ഞാൻ ഇപ്പോൾ തന്നെ വരാം.
(അങ്ങനെ അമ്മ ആശുപത്രിയിൽ എത്തുന്നു)
ടീച്ചർ: അതാണ് ഡോക്ടറിന്റെ മുറി അങ്ങോട്ട് ചെന്നോളൂ.
(അമ്മ റൂമിലേക്ക് ചെന്നു)
അമ്മ :നമസ്കാരം, ഞാൻ രാമുവിന്റെ അമ്മയാണ് എങ്ങനെയുണ്ട് അവന്?
ഡോക്ടർ :ആ വരൂ ഇരിക്ക്. അവൻ നിങ്ങൾ എന്തിനാണ് എന്നും ഫാസ്റ്റ് ഫുഡ് കഴിക്കാൻ കൊടുക്കുന്നത്. അത് ആരോഗ്യത്തിന് ആപത്താണ് എന്ന് അറിയില്ലേ?
അമ്മ : എന്തുചെയ്യാനാ ഡോക്ർ പറഞ്ഞാൽ അവൻ അനുസരിക്കില്ല.
ഡോക്ടർ: അവനെ അനുസരിപ്പിക്കൽ നിങ്ങളുടെ ഉത്തരവാദിത്യം അല്ലേ? അല്ലാതെ കുട്ടികൾ ചോദിക്കുമ്പോൾ തന്നെ പണം കൊടുക്കുകയല്ല വേണ്ടത്.
അമ്മ : ശരി ഡോക്ടർ ഇനി ഞാൻ ശ്രദ്ധിച്ചോളാം.
(ഡോക്ടർ നഴ്സിനെ വിളിക്കുന്നു)
നേഴ്സ്: എന്താ ഡോക്ടർ?
ഡോക്ടർ :പതിനഞ്ചാം വാർഡിൽ ഉള്ള രാമുവിനെ ഇങ്ങോട്ടയക്കു.
നേഴ്സ് :ശരി ഡോക്ടർ (രാമു വരുന്നു)
ഡോക്ടർ ; രാമു ഇനി ഫാസ്റ്റ് ഫുഡ് കഴിക്കുമോ?
രാമു :ഇല്ല ഡോക്ടർ ഇനി ഞാൻ വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണം മാത്രം കഴിക്കുകയുള്ളൂ.
ഡോക്ടർ :ഫാസ്റ്റ് ഫുഡ് കഴിച്ചാൽ എന്താ ഉണ്ടാവുക എന്ന് മനസ്സിലായില്ലേ?
രാമു : എനിക്ക് മനസ്സിലായി ഞാൻ ഇനി അമ്മ പറയുന്നത് കേൾക്കു.
ഡോക്ടർ: നല്ല കുട്ടി.

(കുട്ടികളെ ഫാസ്റ്റ് ഫുഡ് നമ്മുടെ ആരോഗ്യത്തെ നശിപ്പിക്കുന്നു അതുകൊണ്ട് അവർ ഒഴിവാക്കു)

മിസ്ബ 9D

# മായാവി

കുട്ടികളുടെ ഇഷ്ട കഥാപാത്രമാണ് "മായാവി". ചിത്ര കഥകളിലും കാർട്ടൂണുകളിലും മായാവി നിറഞ്ഞുനിൽക്കുന്നു. ലുട്ടാപ്പിയും കൂട്ടുകാരായ കുട്ടൂസനും ഡാകിനിയും ഒപ്പിക്കുന്ന എല്ലാ കുതന്ത്രങ്ങളും പൊളിച്ചടുക്കുന്നത് മായാവിയാണ്. മായാവിക്ക് രണ്ട് കൂട്ടുകാരുണ്ട്. രാജുവും, രാധയും എന്തെങ്കിലും ആപത്ത് കണ്ടാൽ അവർ " ഓം ഹ്രീം കുട്ടിച്ചാത്താ " എന്ന് വിളിച്ചാൽ മായാവി പറന്നെത്തും ആപത്തിൽ പെട്ടവരെ രക്ഷിക്കുകയും ചെയ്യും.

എത്ര കണ്ടാലും മതിവരാത്തതാണ് മായാവി കഥകൾ. ലുട്ടാപ്പി യും കൂട്ടരും ജീവനും കൊണ്ടോടുന്നതു കണ്ടാൽ ചിരിച്ചു പോകും.

Shifna Sherin 9C

# ആദിത്യ L-1

ഇന്ത്യയിലെ ആദ്യത്തെ സൂര്യനെ ക്കുള്ള പേടകമാണ് ആദിത്യ L-1 സൂര്യൻറെ പുറം ഭാഗത്തെ താപവ്യത്യാസം ബഹിരാകാശ കാലാവസ്ഥ എന്നിവയാണ് പ്രധാന പഠനങ്ങൾ. ശ്രീഹരിക്കോട്ടയിൽ നിന്നാണ് ആദിത്യ L-1 വിക്ഷേപിച്ചത്. ലഗ്രാഞ്ച് ബിന്ദു -1 ലാണ് ആദിത്യ - L-1 ൻ്റെ ലക്ഷ്യസ്ഥാനം. സൂര്യനും ഭൂമിക്കും ഇടയിലുള്ള ഒരു സാങ്കല്പിക ബിന്ദുവാണ്
ലഗ്രാഞ്ച് ബിന്ദു -1 . ഭൂമിയിൽനിന്ന് ഏകദേശം 15 കിലോമീറ്റർ ദൈർഘ്യമുണ്ട് ഈ ബിന്ദുവിലേക്ക്. ഏകദേശം നാല് മാസം സമയം കൊണ്ടാണ് ആദിത്യ L-1 ലക്ഷ്യസ്ഥാനം തേടി പോകുന്നത്. സൂര്യനിലെക്കുള്ള ആകെ ദൂരത്തിന്റെ ഒരു ഭാഗം മാത്രമാണ് ആദിത്യ L-1 സഞ്ചരിക്കുന്നത്. അഞ്ചുവർഷം L-1 ബിന്ദുവിൽ നിന്ന് ആദിത്യ സൂര്യനെ വീക്ഷിക്കും. ആദിത്യയിൽ മൊത്തം 7 പേലോഡുകൾ ആണ് ഉള്ളത് . വിസിബിൾ എമിഷൻ ലൈൻ കൊറോണ ഗ്രാഫ് സോളാർ
ആൻഡ്രോവൈലറ്റ് ഇമേജിങ് ടെലിസ്കോപ്പ്
ആദിത്യ സോളാർ വിൻഡ് പാർട്ടികൾ എക്സ്പിരിമെന്റ് പ്ലാസ്മ അനലൈസർ പാക്കേജ് ഫോർ ആദിത്യ സോളാർ ലോ എനർജി L-1 ഓർബിറ്റിംഗ് എക്സ്റേ സ്പെക്ട്രോമീറ്റർ മാഗ്നോമീറ്റർ ഇവയെല്ലാം ആണ് ആ ഏഴ് പെലോഡുകൾ ആദിത്യ വഴി ആരും അറിയാത്ത ഒരുപാട് രഹസ്യങ്ങൾ നാം പഠിക്കും. ഇതിനു വന്ന ആകെ ചിലവ് 368 കോടി രൂപയാണ്.

പ്രണവ് 9D

# صداقة

الصداقة هي الكنز

الصداقة هي هدية لا تقدر بثمن

مصدر الفرح والسرور

دافئي مثل الشمس

بارد مثل الظل

إنها هدية طبيعة

أفضل معلم الحياة

لا شيئ أكثر احتاجه

لكن صديقا مخلصا حقا

Afeefa 9D

# NATURE

Everything is nature
God gave us this feature

Birds fly in the sky,
and mountain are so high

Trees are green
and water is so clean

We are not kind to it
We are harm in it

But it have never betrays
It always give us right way

Please live it as it is
Don't try to play with it

Aliya Thasni 9D

## *HUMANITY*

*Once a father and son went to the temple. Suddenly, son shouted after seeing the pillars of lions at the entrance of the temple.*

*"Run Dad, or those lions will eat us"*
*Dad considered by him saying*

*"They are just statues and won't harm us ". Son replied " If those lion statues won't harm us then how could statues of God give us blessings " on hearing this, the father wrote in his diary*

*I am still speechless on my child's Reply and have started searching for god in human's instead of statues.*

*I didn't find God, but I found*
***" HUMANITY "***

**-Sneha. P**
9D

SANA KR 9D

FIDHA SHIRIN 9D

AMEENA
NASRIN 9D

# കണ്ണ്

സൗന്ദര്യമുള്ളൊരു കണ്ണാണേ
നേത്രകോടരത്തിലുണ്ടല്ലോ
പാളികളുണ്ട് മൂന്നെണ്ണം
ഒന്നാമതായി ദൃഢ പാളി
ദൃഢത തൻ ധർമ്മമാണ്
മുന്നിലൊരു കോർണിയയും
വെളിച്ചം കയറും ഇതിലൂടെ
രണ്ടാമതായി രക്തപാളി
പോഷണം തൻ ധർമ്മമാണ്
മുൻപിലായി ഐറിസും
പ്രകാശ തീവ്രത തടയുന്നു
മൂന്നാമതായി റെറ്റിനയും
പ്രകാശഗ്രാഹികൾ വാഴുന്നു
റോഡും കോണും ചേർന്നാണ്
കാഴ്ച നൽകും എൻ ധർമ്മം
രണ്ട് ബിന്ദുക്കൾ കാണാനായ്
പീത ബിന്ദു അന്ധബിന്ദു
പീത ബിന്ദുവിൽ കോൺ
കോശങ്ങൾ
അന്ധബിന്ദുവിൽ കാഴ്ചയില്ല
കോണുമില്ല റോഡുമില്ല
അന്ധബിന്ദുവിൽ നിന്നല്ലേ
യാത്രതുടങ്ങുന്നു നേത്രനാഡി
നമ്മുടെ ലെൻസോ കോൺവെക്സ്
തല കീഴായൊരു പതിബിംബം
റെറ്റിനയിൽ നൽകുന്നു

രണ്ട് അറകൾ കാണാലോ
അക്വസ് ഉള്ളൊരു അക്വസ് അറ
വിട്രിയ സ് ഉള്ളൊരു വിട്രിയസ്
അറ
ആകെ കൂടി നോക്കിയാൽ
എന്തൊരു ചന്തം കാണാനായ്

Shyni E P
HST Nat.Sc.

# അവൾ

മക്കളിലൊന്നെങ്കിലുമാൺതരിയാകുവാൻ നേർച്ച നേർന്നീടുന്ന
കാലമൊന്നുണ്ടായിരുന്നല്ലോ... പെൺജന്മമാണെന്നറിഞ്ഞാൽ നെറ്റി
ച്ചുളിക്കുന്ന കാലമൊന്നുണ്ടായിരുന്നല്ലോ...

ലിംഗഭേദമൊന്നുമില്ലാത്ത കാലമാഗതമായി പോലും...
ആണ് പെണ്ണിനു സമമായതോ...?
പെണ്ണാണിനു സമമായതോ...?
ലിംഗഭേദങ്ങളൊന്നുമില്ല
യെന്നോതുകിലും
പെണ്ണു പെണ്ണു തന്നെ,
ആണാണു തന്നെ.
കാലിന്മേൽ കാലുകയറ്റി വെച്ചാലന്നുമിന്നുമഹങ്കാരിയാണവൾ.
സന്ധ്യമയങ്ങിയ നേരത്തു വീടണഞ്ഞാല
ന്നുമിന്നുമവൾ താന്തോന്നിയായ് മാറുന്നുവോ ?

ലിംഗദേദമില്ലാത്ത കാലമാണിതെങ്കിൽ
താന്തോന്നിയുമല്ല
വളഹങ്കാരിയുമല്ല,
ആണിനെപ്പോലെ തൻ വീട്ടു കാക്കാനായ് പെടാപ്പാടുപെടുന്നവളല്ലോയവൾ

ഈ നല്ല ലോകത്തിനാഭ പകരുവാൻ...
വീടിനും നാടിനും വെളിച്ചമായ് മാറാൻ...
ചേർത്തു നിർത്തിടുക തൻ പെൺമക്കളെ...
ഇന്നു നിൻ മുറ്റത്തോടിക്കളിക്കട്ടെയവൾ സ്വതന്ത്രയായ്....
നാളെ നിൻനാടിന്നഭിമാനമായ് മാറുമവളെന്നോർക്കുക!!!

മിനി നാരായണൻ
UPST HINDI



അറിവും ആത്മധൈര്യവും നൽകിയ അധ്യാപകർക്കും, സ്നേഹവും സൃഷ്ടികളും നൽകിയ ഞങ്ങളുടെ സഹപാഠികൾക്കും ആശംസകൾ അർപ്പിച്ച ഗുരുജനങ്ങൾക്കും ജനപ്രതിനിധികൾക്കും,ഈ സംരംഭം പൂർത്തിയാക്കാൻ ഞങ്ങളെ സഹായിച്ച എല്ലാവർക്കും നന്ദി.......

ലിറ്റിൽ കൈറ്റ്സ് ടീം